മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നമ്പർ:ഡി.എസ്.എസ്./1/ലഹരി വിമുക്തി/2018 തീയതി: 08.10.2018

# പരിപത്രം

വിഷയം : കോളേജുകളിൽ ലഹരി വിമുക്തി ക്ലബുകൾ രൂപീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതു സംബന്ധിച്ച്

സൂചന : കോട്ടയം ജില്ലാ കളക്ടറുടെ 09/08/2018 ലെ കത്ത്.

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള പ്രൊഫഷണൽ കോളേജുകളിലും അൺ എയ്ഡഡ് കോളേജുകളിലുംകൂടി ലഹരി വിമുക്തി ക്ലബുകൾ രൂപീകരിക്കണമെന്നും പ്രൊഫഷണൽ, എയിഡഡ്, അൺ എയിഡഡ് കോളേജുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നു എന്ന് ഉറപ്പു വരുത്തണമെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ ലഹരി വിമുക്തി ക്ലബ്ബുകൾ ഇതു വരെയും തുടങ്ങാത്ത കോളേജുകളിൽ ഇവ തുടങ്ങാൻ കർശന നിർദ്ദേശം നല്കണമെന്നും ഈ ക്ലബ്ബുകൾ എക്സൈസുമായി സഹകരിച്ചു പ്രവർത്തിക്കണമെന്നും ഈ വിഷയത്തിലെടുക്കുന്ന തുടർ നടപടികളുടെ റിപ്പോർട്ട്എല്ലാ മാസവും എക്സൈസ് കമ്മീഷണർ മുഖാന്തരം ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്.

ആയതിനാൽ എല്ലാ കോളേജ് പ്രിൻസിപ്പാൾമാരും തങ്ങളുടെ കോളേജുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതും ലഹരി വിമുക്തി ക്ലബ്ബുകൾ ഇതു വരെയും തുടങ്ങാത്ത കോളേജുകളിൽ ഇവ അടിയന്തിരമായി തുടങ്ങേണ്ടതും ഈ വിഷയത്തിലെടുക്കുന്ന തുടർ നടപടികളുടെ റിപ്പോർട്ട് എല്ലാമാസവും എക്സൈസ് കമ്മീഷണർ മുഖാന്തരം ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണെന്നും അറിയിച്ചു കൊള്ളുന്നു.

ഈ പരിപത്രം പ്രകാരം കൈകൊണ്ട നടപടികൾ സർവകലാശാലയെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

രജിസ്ട്രാർ

പകർപ്പ്;

1. വി സി / പി വി സി എന്നിവരുടെ പി എസ്
2. രജിസ്ട്രാർ / എഫ്.ഒ എന്നിവരുടെ പി എ
3. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി
4. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
5. എല്ലാ കോളേജുകളിലെയും പ്രിൻസിപ്പൽമാർ
6. സർവ്വകലാശാല ഡിപ്പാർട്ട്മെന്റിലെ ഡയറക്ടർമാർ
7. സർവ്വകലാശാല പഠനവകുപ്പിലെ അദ്ധ്യക്ഷൻമാർ
8. ഗവ. ഓഡിറ്റർ

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ